**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5556** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് ലഭ്യമായ എത്ര അപേക്ഷകളിന്മേൽ ഇനി നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ വ്യവസ്ഥ പ്രകാരം അപകടകരമായി നിൽക്കുന്ന വൃക്ഷശാഖകളോ, മരം മുഴുവനായോ മുറിക്കുന്നതിന് ഉത്തരവ് നൽകുന്നത് ജില്ലാകളക്ടറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന റവന്യൂ ഉദ്യോഗസ്ഥനോ ആണ്. ഈ വിഷയത്തിൽ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതില്ല. മുറിച്ച് മാറ്റിയ മരങ്ങൾ വിൽക്കുന്നതിന് ആവശ്യമായ വിലനിർണ്ണയം നടത്തുന്നത് അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം ആണ്. ഇത്തരം അപേക്ഷകൾ വനം വകുപ്പ് മുമ്പാകെ നിലവിൽ പെൻഡിങ്ങ് ഇല്ല. എന്നാൽ വികസന പ്രവർത്തനങ്ങൾക്കായി മരം മുറിയ്ക്കാൻ അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റി ആണ്. ഗുരുവായൂർ മണ്ഡലത്തിൽ നിന്നുള്ള ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നും തന്നെ ട്രീ കമ്മിറ്റിയിൽ നടപടിയെടുക്കുന്നതിനായി നിലവിലില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ വൈദ്യുതി ലൈനിലേയ്ക്ക് ചരിഞ്ഞ് അപകടാവസ്ഥ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ വൈദ്യുതി ലൈനിലേയ്ക്ക് ചരിഞ്ഞ് അപകടാവസ്ഥ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതർ അപേക്ഷ സമർപ്പിക്കുകയും വാല്യുവേഷൻ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ